സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ: ചേതൻ കുമാർ മീണ.ഐ.എ.എസ്)

ഉത്തരവ് നം. SJD/1719/2020-E1

തിരുവനന്തപുരം,
തീയതി. 07-07-2023

---

| | |
|---|---|
| വിഷയം: | സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ശ്രീ.സഞ്ജയൻ.എം.വി ഹെഡ് അക്കൌണ്ടന്റ് ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം.)നം.832/2020 നം കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 31/3/2022ലെ അന്തിമ ഉത്തരവ് നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം : | 1.സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 29/05/2020 തീയതിയിലെ SJD/1513/2020-E1 നം നടപടിക്രമങ്ങൾ<br>2.സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 18/12/2021 തീയതിയിലെ SJD/3595/2021-E6 നം നടപടിക്രമങ്ങൾ<br>3.സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 31/1/2023 തീയതിയിലെ SJD/4975/2022-E6 നം നടപടിക്രമങ്ങൾ<br>4.ഒ.എ.(ഇ.കെ.എം.)നം.832/2020 നമ്പർ കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 31/3/2022 ലെ ഉത്തരവ് .<br>5.അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നുമുള്ള 06-06-2023 ലെ A4-OA EKM 832/2020/2023059119 നം കത്ത് |

സാമൂഹ്യനീതി വകുപ്പിൽ ഹെഡ് അക്കൌണ്ടന്റ് തസ്തികയിൽ കൊടുങ്ങല്ലൂർ ശിശു വികസന പദ്ധതി ഓഫീസിൽ സേവനമനുഷ്ഠിച്ച് വരവേ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ലഭ്യമാകേണ്ടിയിരുന്ന ഉദ്യോഗക്കയറ്റനിയമനത്തിൽ നിന്നും ശ്രീ.സഞ്ജയൻ.എം.വിയ്ക്ക്, ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ഒരു വർഷക്കാലത്തേയ്ക്ക് (26/11/2020 വരെ) താൽക്കാലിക റിലിങ്ക്വിഷ്മെന്റ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. വകുപ്പ് വിഭജനവുമായി ബന്ധപ്പെട്ട് പൊതുവിഭാഗം തസ്തികയിലെ ജീവനക്കാരെ ഇരുവകുപ്പുകളിലായി പുനർവിന്യസിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി നടത്തപ്പെട്ട ഉദ്യോഗക്കയറ്റ നിയമനത്തിൽ നിന്നും അപേക്ഷയുടെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റ നിയമനം താൽക്കാലികമായി പരിത്യജിക്കുന്നതിനുള്ള (താൽക്കാലിക റിലിങ്ക്വിഷ്മെന്റ്) അനുമതി ലഭിച്ച ശ്രീ.സഞ്ജയൻ.എം.വി; ഉദ്യോഗക്കയറ്റ നിയമനം പരിത്യജിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ സീനിയോറിറ്റിയിൽ സാമൂഹ്യനീതി വകുപ്പിൽ ഹെഡ് അക്കൌണ്ടന്റ് തസ്തികയിൽ നിയമനം നേടുകയുണ്ടായി.

വകുപ്പ് വിഭജനത്തെ തുടർന്ന് സാമൂഹ്യനീതി വകുപ്പിലേക്ക് ഓപ്ഷൻ നൽകിയ ജീവനക്കാരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ 01.02.2020-ൽ പുറപ്പെടുവിച്ച പുനർവിന്യാസ ഉത്തരവ് പ്രകാരം ശ്രീ.സഞ്ജയൻ.എം.വി; പാലക്കാട് ജില്ലാസാമൂഹ്യനീതിഓഫീസിൽ ഹെഡ് അക്കൌണ്ടന്റായി 15.2.2020-ൽ നിയമിതനാകുകയും, 19.2.2020-ൽ താൽക്കാലിക റിലിങ്ക്വിഷ്മെന്റ് അനുമതി റദ്ദ് ചെയ്യണമെന്ന അപേക്ഷ നൽകുകയും ചെയ്തു. ശ്രീ.സഞ്ജയൻ.എം.വിയുടെ ഭാഗത്ത് നിന്നുണ്ടായ ഈ നടപടി വകുപ്പ് വിഭജനത്തെ തുടർന്നുണ്ടായ സീനിയോറിറ്റി നിശ്ചയിക്കൽ എന്ന ശ്രമകരമായ പ്രക്രിയയ്ക്ക് വിഘാതം സൃഷ്ടിക്കുന്നതും, ദുരുദ്ദേശപരവും, പൊതുതാൽപര്യത്തെ ഹനിക്കുന്നതും വകുപ്പ് വിഭജന നടപടികളുടെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ സുതാര്യതയെ ദോഷകരമായി ബാധിക്കുന്നതുമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരന്റെ അപേക്ഷ നിരസിക്കുകയുണ്ടായി. ശ്രീ.സഞ്ജയൻ.എം.വി ഇതിനെതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ.(ഇ.കെ.എം.)നം.832/2020 കേസ് ഫയൽ ചെയ്യുകയുണ്ടായി.

ശ്രീ.സഞ്ജയൻ.എം.വി ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം) നം.832/2020 കേസിൻമേൽ ബഹു.കേരള അഡ്മിനിസ്ട്രേടീവ് ട്രൈബ്യൂണൽ 31/3/2022-ൽ പരാമർശം (4) പ്രകാരം അന്തിമവിധിന്യായം പുറപ്പെടുവിക്കുകയും 29/8/2022-ൽ ഈ കാര്യാലയത്തിൽ പ്രസ്തുത ഉത്തരവ് ലഭ്യമായിട്ടുള്ളതുമാണ്. ശ്രീ.സഞ്ജയൻ.എം.വി-യേയും പരാമർശം (1) ഉത്തരവ് പ്രകാരം (അനക്സർ A9) ഉദ്യോഗക്കയറ്റം ലഭ്യമായിട്ടുള്ള ടിയാളുടെ ജൂനിയർമാരായ ശ്രീമതി.രാധിക.കെ, ശ്രീ.എം.എസ്.ശിവദാസ് എന്നീ ജീവനക്കാരെയും നേരിൽ കേൾക്കണമെന്നും തുടർന്ന് ടിയാളുടെ ജൂനിയർമാരായ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച 29/5/2020 തീയതി പ്രാബല്യത്തിൽ ശ്രീ.സഞ്ജയൻ.എം.വി-യ്ക്ക് ഹെഡ് അക്കൌണ്ടന്റ് തസ്തികയിലെ സീനിയോറിറ്റി അടിസ്ഥാനത്തിൽ ജൂനിയർസൂപ്രണ്ട് തസ്തികയിൽ നോഷണലായി സ്ഥാനക്കയറ്റം അനുവദിയ്ക്കണമെന്നും വ്യക്തമാക്കിയിരുന്നു.

പരാമർശം (4) ഉത്തരവ് അടിസ്ഥാനമാക്കി ശ്രീ.സഞ്ജയൻ.എം.വി, ശ്രീമതി.രാധിക.യു, ശ്രീ.എം.എസ്.ശിവദാസ് എന്നിവർക്ക് ഹിയറിംഗിനായി 16/9/2022-ന് ഓഫീസിൽ ഹാജരാകുന്നതിനായി നിർദ്ദേശം നൽകുകയും ശ്രീ.സഞ്ജയൻ.എം.വി, ശ്രീ.എം.എസ്.ശിവദാസ് എന്നിവർ ഹിയറിംഗിനായി ഹാജരാകുകയും ചെയ്തു. ശ്രീ.സഞ്ജയൻ.എം.വി ഹിയറിംഗിനു ഹാജരായി ടിയാൻ സമർപ്പിച്ച നിവേദനത്തിൽ റിലിക്വിഷ്മെന്റ് അനുവദിക്കുന്നതിനായി അപേക്ഷിച്ചതിനുള്ള കാരണവും റിലിക്വിഷ്മെന്റ് അനുമതി റദ്ദ് ചെയ്യുന്നതിനായി അപേക്ഷ സമർപ്പിച്ചതിനുള്ള കാരണങ്ങളും ബോധ്യപ്പെടുത്തുവാൻ ശ്രമിച്ചുവെങ്കിലും താൽക്കാലിക റിലിങ്ക്വിഷ്മെന്റ് മുഖേന ഹെഡ് അക്കൌണ്ടന്റ് തസ്തികയിൽ നേടിയെടുത്ത സീനിയോറിറ്റി അടിസ്ഥാനത്തിൽ 15.2.2020-ൽ സാമൂഹ്യനീതി വകുപ്പിൽ നിയമിതനായശേഷം 19.2.2020-ൽ പ്രസ്തുത താൽക്കാലിക റിലിങ്ക്വിഷ്മെന്റ് അനുമതി റദ്ദ് ചെയ്യണമെന്ന അപേക്ഷ സമർപ്പിച്ചതിനുള്ള വസ്തുത ശരിയായി ബോധ്യപ്പെടുത്തുവാൻ ജീവനക്കാരന് സാധിച്ചില്ല. ശ്രീമതി.രാധിക.യു ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും ക്ഷേമസ്ഥാപന സൂപ്രണ്ട്ഗ്രേഡ്-I തസ്തികയിലേയ്ക്ക് ഓപ്റ്റ് ചെയ്ത് പ്രസ്തുത തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനം നേടിയിട്ടുള്ള സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി ഇനിമേൽ ജീവനക്കാരിയുടെ സർവ്വീസിനെ ബാധിക്കുന്നതല്ല എന്നതിനാൽ 16/9/2022-ന് നടന്ന ഹിയറിംഗിന് ജീവനക്കാരി ഹാജരായില്ല. ശ്രീ.എം.എസ്.ശിവദാസ് ഹിയറിംഗിന് ഹാജരാകുകയും ജി.ഒ.(പി) നം.20/2004/ പി&എ.ആർ.ഡി ഉത്തരവിലെ 5 (iv,v)-പ്രകാരം സീനിയറായ ഒരു ജീവനക്കാരൻ ഉദ്യോഗക്കയറ്റം പരിത്യജിക്കുന്നത് മൂലം ടിയാന്റെ ജൂനിയറായ ഒരു ജീവനക്കാരന് സ്ഥിരമായ ഉദ്യോഗക്കയറ്റ നിയമനം അനുവദിക്കുകയാണെങ്കിൽ സീനിയറായ ജീവനക്കാരന് സീനിയോറിറ്റി നഷ്ടമുണ്ടാകുന്നതാണെന്ന് സ്പഷ്ടകരിച്ചിട്ടുള്ളതായും ആയതിനാൽ ടിയാളുടെ സീനിയോറിറ്റി നിലനിറുത്തി നൽകണമെന്ന് അപേക്ഷിച്ചിട്ടുള്ളതുമാണ്.

ശ്രീ.സഞ്ജയൻ.എം.വി-യ്ക്ക് ജൂനിയർസൂപ്രണ്ട് തസ്തികയിൽ 20/7/2021 വരെ ഉദ്യോഗക്കയറ്റ നിയമനം നൽകിയിട്ടില്ലാത്തതും; ജൂനിയർസൂപ്രണ്ട് തസ്തികയിൽ റെഗുലർ ഉദ്യോഗക്കയറ്റ നിയമനം ലഭ്യമായ ശേഷം പ്രസ്തുത ഉദ്യോഗക്കയറ്റ നിയമനത്തിൽ നിന്നുമല്ല ജീവനക്കാരൻ റിലിക്വിഷ്മെന്റ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നതിനാലും ഹെഡ് അക്കൌണ്ടന്റ് തസ്തികയിലെ സീനിയോറിറ്റിയ്ക്ക് അർഹതയുണ്ടെന്നും പ്രസ്തുത സീനിയോറിറ്റി നിലനിറുത്തി ടിയാളുടെ ജൂനിയർമാരായ ജീവനക്കാർക്ക് ജൂനിയർസൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച 29/05/2020 തീയതി അടിസ്ഥാനമാക്കി ജൂനിയർസൂപ്രണ്ട് തസ്തികയിൽ നോഷണലായി ഉദ്യോഗക്കയറ്റനിയമനം അനുവദിയ്ക്കേണ്ടതുമാണെന്നുള്ള കോടതി ഉത്തരവ് പാലിയ്ക്കേണ്ടതിനാലും, ജി.ഒ.(പി) നം.20/2004/ പി&എ.ആർ.ഡി ഉത്തരവിലെ 5 (iv,v)-പ്രകാരം സീനിയറായ ഒരു ജീവനക്കാരൻ ഉദ്യോഗക്കയറ്റം പരിത്യജിക്കുന്നത് മൂലം ടിയാന്റെ ജൂനിയറായ ഒരു ജീവനക്കാരന് സ്ഥിരമായ ഉദ്യോഗക്കയറ്റനിയമനം അനുവദിക്കുകയാണെങ്കിൽ സീനിയറായ ജീവനക്കാരന് സീനിയോറിറ്റി നഷ്ടമുണ്ടാകുന്നതാണെന്ന് സ്പഷ്ടീകരിച്ചിട്ടുള്ളതിനാലും ശ്രീ.സഞ്ജയൻ.എം.വി ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം) നം.832/2020 കേസിൻ മേൽ ബഹു.കേരള അഡ്മിനിസ്ട്രേടീവ് ട്രൈബ്യൂണലിന്റെ 31/3/2022-ലെ ഉത്തരവിന്മേൽ ഉചിതമായ തീരുമാനം കൈകൊള്ളുന്നതിനായി നിയമോപദേശം തേടിയതിൽ നിന്നും 31/3/2022-ലെ ഉത്തരവ് പാലിയ്ക്കേണ്ടതാണെന്ന നിയമോപദേശം പരാമർശം (5) പ്രകാരം ലഭ്യമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ബഹു.കേരള അഡ്മിനിസ്ട്രേടീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) -പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒ.എ.(ഇ.കെ.എം.) നം.832/2020 ഒരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീ.സഞ്ജയൻ.എം.വിയ്ക്ക് 29/5/2020 തീയതി പ്രാബല്യത്തിൽ പരാമർശം (1) ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റ ഉത്തരവിൽ ശ്രീമതി.രാധിക.കെയുടെ മുന്നിലായി ജൂനിയർസൂപ്രണ്ട് തസ്തികയിൽ നോഷണലായി ഉദ്യോഗക്കയറ്റം അറ്റൻഡന്റ് ബെനഫിറ്റ്സ് സഹിതം അനുവദിച്ചും, പരാമർശം (2) ജൂനിയർസൂപ്രണ്ട് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി.രാധിക.കെയുടെ മുന്നിലായി "ക്രമ നം1" ആയും ശ്രീമതി.രാധിക.കെയുടെ സീനിയോറിറ്റി ശ്രീ.സഞ്ജയൻ.എം.വിയ്ക്ക് പിന്നിലായി "ക്രമ നം 1 എ" ആയി ക്രമീകരിച്ചും, ശ്രീ.സഞ്ജയൻ.എം.വി-യെ പരാമർശം (3) പ്രകാരമുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയും ശ്രീ.സഞ്ജയൻ.എം.വി-യ്ക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സീനിയോറിറ്റി ഒഴികെയുള്ള മറ്റ് യാതൊരുവിധ സാമ്പത്തികാനുകൂല്യങ്ങൾക്കും അർഹതയില്ലായെന്നറിയിച്ചു കൊണ്ടും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (4)-ലെ ഉത്തരവ് നടപ്പിൽവരുത്തിയതായി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഭേദഗതിയോടെ പരാമർശം (1), (2), (3) ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

Signed by Chetan Kumar Meena
Date: 07-07-2023 12:51:12
ചേതൻ കുമാർ മീണ.IAS
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ശ്രീ.സഞ്ജയൻ.എം.വി
ജൂനിയർ സൂപ്രണ്ട്, ജില്ല സാമൂഹ്യനീതി ഓഫീസ് വയനാട്
(കാര്യാലയ മേധാവി മുഖേന)

<u>പകർപ്പ് :</u>

1. അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം (ആമുഖകത്ത് സഹിതം)
2. പ്രിൻസിപ്പൽ സെക്രട്ടറി,സാമൂഹ്യനീതി വകുപ്പ് (ആമുഖകത്ത് സഹിതം)
3. E1 മുതൽ E7 വരെ
4. സ്റ്റോക്ക് ഫയൽ/സ്പെയർ